**കർത്താവേ,**
**അങ്ങയുടെ മുഖം**
**ഞാൻ തേടുന്നു**
**എന്ന് എന്റെ ഹൃദയം**
**അങ്ങയോട്**
**മന്ത്രിക്കുന്നു.**




**നവംബർ** 2020

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പ്രഥമവും പ്രധാന വുമായി തേടേണ്ടത് അവിടുത്തെ മുഖമാണ് (സങ്കീ 27:8); കാണേണ്ടതും കേൾക്കേണ്ടതും അവിടുത്തെ പ്രവൃത്തികളും വചനവുമാണ്. ആത്മാവിൽ നിറഞ്ഞുകവിഞ്ഞൊഴുകുന്ന ആനന്ദത്തിലേയ്ക്കു അരുമ ശിഷ്യരെ ചേർത്തുനിർത്തി ഈശോ പറയുന്നു: ‘‘നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ. എന്തെന്നാൽ, ഞാൻ പറയുന്നു. അനേകം പ്രവാചകൻമാരും രാജാക്കൻമാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചു; എങ്കിലും കണ്ടില്ല. നിങ്ങൾ കേൾക്കുന്നവ കേൾക്കാൻ ആഗ്രഹിച്ചു; എങ്കിലും കേട്ടില്ല.’’ (ലൂക്കാ 10: 23-24) സ്വന്തം മരണോത്ഥാനങ്ങളിലൂടെ ലോകത്തിൽ നിന്നും ദൈവരാജ്യത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്ന ശിഷ്യർക്ക് ഈ രാജ്യത്തിന്റെ സൗന്ദര്യവും സവിശേഷതകളും പിതാവു വെളിപ്പെടുത്തിക്കൊടുത്തതിലായിരുന്നു യേശു യഥാർഥത്തിൽ ആനന്ദിച്ചത്.

മങ്ങിയ പ്രഭാതവെളിച്ചത്തിൽ അകലെ തീരത്തു നിൽക്കുന്ന രൂപം കണ്ട് അതു കർത്താവാണെന്ന് യോഹന്നാൻ വിളിച്ചു പറഞ്ഞത് ഈ ആന്തരിക തെളിച്ചത്താലാണ്. (യോഹ 21:7) പഴുപ്പും ചലവും പൊട്ടിയൊലിച്ച്, പുഴുവരിക്കുന്ന വ്രണങ്ങളുള്ള കുഷ്ഠരോഗിയെക്കണ്ടപ്പോൾ ഇതു കർത്താവെന്ന് മദർ തെരേസ ഹൃദയത്തിൽ മന്ത്രിച്ചതും ഇതേ ബോധ്യത്താലാണ്. ‘‘എന്റെ പ്രാർഥന ജാഗ്രതയും ശ്രദ്ധയുമാണ്. ഹൃദയാനന്ദത്തോടെ നിശബ്ദതയിൽ രഹസ്യമായി ദൈവത്തോടു സദാ സംസാരിക്കുകയും അവിടുന്നു പറയുന്നത് കേൾക്കുകയും ചെയ്യുന്നു’’ എന്ന് ആശ്രമത്തിലെ കുശിനിപ്പണിക്കിടയിലും ബ്രദർ ലോറൻസ് പറയുന്നു. വഴിയൊരുക്കാൻ മുൻപേ പോയ ഇത്തരം വിശുദ്ധരോടൊപ്പമാവട്ടെ ഇനിയുള്ള ആത്മീയയാത്ര. സദാ ദൈവാവബോധത്തിൽ ആയിരിക്കുന്നതിന് ലളിതവും കൃത്യവുമായ ചില വഴികൾ അവർ തുറന്നുതരുന്നു.

**1. ആന്തരികസാന്നിധ്യം**

നിശബ്ദതയുടെ ആഴങ്ങളിൽ ചില ഉൾക്കാഴ്ചകളും മാർഗനിർദേശങ്ങളും തിരുത്തലുകളും ലഭിക്കുമ്പോൾ തോന്നാറില്ലേ, അതു കർത്താവാണെന്ന്. തന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ ദൈവപിതാവിനോടൊത്ത് വാസമുറപ്പിക്കുമെന്ന് യേശു വാക്കു തന്നിട്ടു ണ്ട്. (യോഹ 14:23) ഈ സാന്നിധ്യത്തിലുള്ള ലളിതവും ഹൃദയപൂർവവുമായ സംസാരവും

കേൾവിയും വ്യക്തിപരമായ പ്രാർത്ഥനയാവുന്നു. ഈ അവബോധം ജീവിതത്തിന്റെ വിഭിന്ന സാഹചര്യങ്ങളിൽ ക്രിസ്തുസാന്നിധ്യം ഉള്ളിലുണർത്തുകയും അവിടുത്തെ വഴി തേടുവാൻ സഹായിക്കുകയും ചെയ്യുന്നു. അത് യേശുക്രിസ്തു നമ്മിലുണ്ടെന്ന ബോധ്യമാണ്. (2 കോറി 13:5)

**2. ദിവ്യകാരുണ്യസാന്നിധ്യം**

''നീ തേടുന്നതും നിനക്ക് അനുഭവിക്കാൻ അർഹമായതുമായ ആനന്ദത്തിന് ഒരു പേരും മുഖവുമുണ്ട്; അതു ദിവ്യകാരുണ്യത്തിൽ മറഞ്ഞിരിക്കുന്ന നസ്രായനായ യേശുവാണ്'' (ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ). ''എന്നെ കാണുന്നവനായ ദൈവത്തെ ഞാനും ഇവിടെ വെച്ചു കണ്ടു'' (ഉത്പ 16:13) എന്ന ഹാഗാറിന്റെ അനുഭവത്തിലായിരിക്കാം ചിലപ്പോൾ നാം ദിവ്യകാരുണ്യ സന്നിധിയിൽ ആയിരിക്കുന്നത്. മറ്റു ചിലപ്പോൾ ജോബിനെപ്പോലെ, തനിക്കു കാണാൻ കഴിയുന്നില്ലെങ്കിലും തന്നെ കാണുന്ന ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ അനുഭവമില്ലായ്മയിലായിരിക്കാം. (ജോബ് 23:8-10) ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ മണിക്കൂറുകളോളം ഇരിക്കുമ്പോഴും തന്റെ അനുഭവമില്ലായ്മയെക്കുറിച്ച് സങ്കടപ്പെട്ടിരുന്ന ഒരാൾ സമീപകാലത്ത് ജീവിച്ചിരുന്നു, വി. മദർ തെരേസ! അനുഭവമില്ലായ്മയുടെ ആ മണിക്കൂറുകളിലായിരുന്നു ക്രിസ്തു മദറിൽ രൂപപ്പെട്ടത്; ലോകം മദറിൽ ക്രിസ്തുവിനെ കണ്ടതും. തന്നെ അനുഭവിക്കാൻ കഴിയുന്നവരിലും കഴിയാത്തവരിലും അവിടുന്നു രൂപ പ്പെടുന്നു. ഒരു പക്ഷേ അനുഭവം ലഭിക്കാത്തവരിൽ ഏറെക്കൂടുതലായിരിക്കും! കാരണം, ''ഞങ്ങൾ ആരുടെ അടുത്തേക്കു പോകും?'' (യോഹ 6:68) എന്ന നിസ്സഹായതയിൽ അവർ അവിടെത്തന്നെ തുടരുകയാണല്ലോ. വി. മാക്സിമില്യൻ കോൾബേ പറയുന്നു, ''അൾത്താരയിലെ വി. കുർബാനയിൽ നമ്മോടൊത്തു വസിക്കുന്ന ദൈവത്തിനൊപ്പം'' വിശ്വാസത്തോടെ ആയിരുന്നാൽ അവിടുന്നു പ്രവർത്തിക്കും. അനുഭവമോ അനുഭവമില്ലായ്മയോ ആ സാന്നിദ്ധ്യശക്തിയിൽ വ്യത്യാസം വരുത്തുന്നില്ല.

**3. തിരുവചനസാന്നിധ്യം**

വചനത്തെ കണ്ടുമുട്ടുമ്പോഴുള്ള ഹൃദയജ്വലനം എമ്മാവൂസിലേക്കു പോയ ശിഷ്യൻമാർക്കുമാത്രമായി കരുതിവച്ച പ്രത്യേകാനുഭവമല്ല; വചനത്തിൽ വിശ്വാസത്തോടെ ദൈവത്തെ തേടുന്ന ഓരോരുത്തർക്കും ഇന്നും ലഭിക്കുന്ന കൃപാസ്പർശമാണത്. വി. ഹോസെ മരിയ പറയുന്നു: ''വചനം നന്നായി അറിയേണ്ടതുണ്ട്, അതു ഹൃദയത്തിലും മനസ്സിലും ഉണ്ടായിരിക്കണം. അപ്പോൾ ഏതു സമയത്തും, ഒരു പുസ്തകവുമില്ലാതെ, കണ്ണടച്ചു ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ച് ചിന്തിക്കാനും ചലച്ചിത്രം പോലെ കാണാനും കഴിയും. ഇങ്ങനെ ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ കർത്താവിന്റെ വാക്കുകളും പ്രവൃത്തികളും ഓർമയിൽ വരും.'' സ്നേഹാദരങ്ങളോടെ വചനത്തെ സമീപിച്ചു ധ്യാനിക്കുക. അതിന്റെ ആനന്ദനിറവിൽ കർമപഥത്തിലേയ്ക്കു മടങ്ങുക - അതല്ലേ നമ്മുടെ വിളിയും അവകാശവും!

**4. സാമൂഹികസാന്നിധ്യം**

പ്രിയ സുഹൃത്തുക്കളേ, വി. കുർബാനയിൽ മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ കണ്ടെത്താ നായാൽ സഹോദരങ്ങളിൽ, പ്രത്യേകിച്ച് അവരിലെ പാവപ്പെട്ടവരിൽ അവിടുത്തെ കണ്ടെത്താൻ നിങ്ങൾ പഠിക്കും. (വി. ജോൺ പോൾ രണ്ടാമൻ) ജോൺ പോൾ പാപ്പയും മദർ തെരേസയുമൊക്കെ ഈ രണ്ടു പാഠവും പഠിച്ചവരാണ്. ഫ്രാൻസിസ് പാപ്പ പറയുന്നു, ''നന്മകളോടൊപ്പം കുറവുകളുമുണ്ടെങ്കിലും ഓരോ സമൂഹത്തിലും കുടുംബത്തിലും അതിലെ ഓരോ അംഗത്തിലും ക്രിസ്തുസാന്നിധ്യമുണ്ട്. അതു ഉള്ളിൽ അനുഭവിക്കുന്നവർക്കു മാത്രമേ കുരിശിന്റെ കയ്പ്പേറിയ അനുഭവങ്ങളുടെ ചാരുത ക്രൂശിതനെപ്പോലെ കണ്ടെത്തി

വെളിപ്പെടുത്താനും പ്രകാശിപ്പിക്കാനും കഴിയുകുള്ളൂ. ഈ ക്രിസ്ത്വാനുഭവത്തിലാണ് സമൂഹവുമായുള്ള യഥാർഥ ഐക്യദാർഢ്യത്തിനും കൂട്ടായ്മയുടെ പുതുസംസ്കാരത്തിനും അടിസ്ഥാനമിടാനാവുക.'' [ക്രിസ്തു ജീവിക്കുന്നു (Christus Vivit), 183]

**5. പ്രകൃതിസാന്നിധ്യം**

പ്രകൃതി സ്രഷ്ടാവിന്റെ മഹത്വം വിളിച്ചോതുന്നു. അതുകൊണ്ടാണ് പുല്ലിൽ നടക്കുന്നതും പൂക്കളെ കാണുന്നതും പൂച്ചയുമായി കളിക്കുന്നതും ആകാശവിതാനത്തിലെ മാറുന്ന നിറക്കൂട്ടുകൾ നോക്കിയിരിക്കുന്നതും സന്തോഷമുളവാക്കുന്നത്. ''തിരുവെഴുത്തുകളോടുള്ള വിശ്വസ്തതയോടെ പ്രകൃതിയെ മഹത്തായ പുസ്തകമായി കാണാൻ വി. ഫ്രാൻസിസ് ക്ഷണിക്കുന്നു. അതിലൂടെ സംസാരിക്കുന്ന ദൈവത്തിന്റെ അനന്തമായ സൗന്ദര്യനന്മകൾ ആ കാഴ്ചകളിൽ വെളിവാകുന്നു.'' [അങ്ങേയ്ക്കു സ്തുതി (Laudato Si), 12] കണ്ണും കാതും ഹൃദയവും മനസ്സും പ്രകൃതിയുടെ സ്പന്ദനവുമായി പാരസ്പര്യത്തിലാകുമ്പോൾ സ്രഷ്ടാവിനെ സ്തുതിക്കുന്ന അതിന്റെ അവിരാമ ഗാനത്തോടു ചേരാനാകും.

**ഉപസംഹാരം**

അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചാലും കർത്താവ് എന്നെ കൈക്കൊള്ളും (സങ്കീ 27:10) എന്നോർമിപ്പിക്കുന്ന ദൈവം സദാ ഹൃദയത്തിൽ മന്ത്രിക്കുന്നത് എന്റെ മുഖം തേടുവിൻ എന്നാണ്. യഥാർഥത്തിൽ ആ സ്നേഹസാന്നിധ്യമാണു നമ്മെ സംതൃപ്തരാക്കുന്നതെന്ന തിരിച്ചറിവിൽ ആത്മാവ് ഇങ്ങനെ പ്രത്യുത്തരിക്കുന്നു: എല്ലാ നേരവും എല്ലായിടത്തും കർത്താവേ, അങ്ങയുടെ മുഖം ഞാൻ തേടുന്നു; അങ്ങയുടെ മുഖം മാത്രം! യാത്രയിലുടനീളം ശ്രദ്ധ പതറുന്ന സംഭവങ്ങളുണ്ടായെന്നു വരാം; അവയൊന്നും സംഭ്രമിപ്പിക്കുകയോ സങ്കടപ്പെടുത്തുകയോ ചെയ്യാതിരിക്കട്ടെ. പ്രാർഥിക്കാൻ തോന്നുന്നില്ലെന്നും സമയം പാഴാക്കുകയാണെന്നുമുള്ള വിചാരം പ്രലോഭനമായേക്കാം. പ്രാർഥനയിലെ വിരസതയോ പലവിചാരങ്ങളോ അനുഭവമില്ലായ്മയോ ദൈവകൃപയുടെ പ്രവാഹത്തെ തടസ്സപ്പെടുത്തുന്നില്ലെന്നത് മറക്കരുത്. തോന്നലുകളുടെ പിന്നാലെ പോകാനല്ല, വി. അൽഫോൻസ് ലിഗോരി പറയുന്നതു പോലെ ''ദൈവത്തെ പ്രസാദിപ്പിക്കാനാണ് ഞാൻ ഇവിടെ ആയിരിക്കുന്നത്.''

നമുക്കു മാതൃക നൽകിയ വിശുദ്ധരെപ്പോലെ എല്ലാ സന്ദർഭങ്ങളിലും ദൈവത്തിന്റെ മുഖം തേടുന്ന ജീവിതശൈലി ഓരോ ജീസസ് യൂത്തിലും ദൃഢമാകട്ടെ.